**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.230 | 03.02.2020 ൽ മറുപടിക്ക്

## കുടുംബാരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 2017-18, 2018-19, 2019-20 വർഷങ്ങളിൽ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വർഷാടിസ്ഥാനത്തിൽ അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് 2017-2018 വർഷത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും ആയതിൽ 162 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ചു. പ്രളയബാധിതമായ രണ്ടെണ്ണമൊഴികെ മറ്റുള്ളവ കുടുംബാരോഗ്യകേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്നു.<br><br>2018-2019 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 504 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ തിരഞ്ഞെടുക്കുകയും ആയതിൽ 72 എണ്ണത്തിന്റെ പണികൾ പൂർത്തികരിച്ചു. 198 എണ്ണത്തിന്റെ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. 108 എണ്ണത്തിന്റെ ടെണ്ടർനടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. ബാക്കിയുള്ളവയുടെ ഡി. പി ആർ തയ്യാറാക്കി വരുന്നു.<br><br>2019 -2020 വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 220 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ . തിരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത വർഷങ്ങളിൽ പിറവം നിയോജകമണ്ഡലത്തിൽ രൂപീകരിച്ച/രൂപീകരിക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | 2017-2018 സാമ്പത്തിക വർഷത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം തിരുമാറാടിയെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി 20/02/2019 ൽ ഉദ്ഘാടനം നടത്തിയിട്ടുണ്ട്.<br><br>2018-2019 സാമ്പത്തിക വർഷത്തിൽ പിറവം നിയോജകമണ്ഡലത്തിൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ തിരഞ്ഞെടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പി.എച്ച്.സി ആരക്കുന്നം - ആർദ്രം മാനദണ്ഡങ്ങൾക്കനുസരിച്ചുള്ളനിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | 2. പി.എച്ച്.സി തിരുവാങ്കുളം - നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല<br><br>3. പി.എച്ച്.സി ഇലഞ്ഞി - ആർദ്രം മോഡലിൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>4. 2019-2020 സാമ്പത്തിക വർഷത്തിൽ എൻ.എച്ച്.എം . പ്രോഗ്രാംഇമ്പ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി പിറവം നിയോജക മണ്ഡലത്തിൽകുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുവാൻ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ<br><br>എ). പി.എച്ച്.സി - മണീട്<br><br>ബി). പി.എച്ച്.സി - ചോറ്റാനിക്കര |

Hari

സെക്ഷൻ ഓഫീസർ